# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1496 — 15.06.2012 ൽ മറുപടിക്ക്

## പഞ്ചായത്തിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണ കാര്യങ്ങളും ദൈനംദിന ചുമതലകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഓരോ പഞ്ചായത്തിനും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനുമുള്ള നിർദ്ദേശം വകുപ്പ് മേലധികാരികൾക്ക് നൽകുമോ ; | (ബി) ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് മതിയായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ജീവനക്കാർ കുറവുള്ള പഞ്ചായത്തുകളിൽ ദിവസ വേതനവ്യവസ്ഥയിൽ ക്ലാർക്കുമാരെയും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും നിയമിക്കാനുള്ള അനുമതി പഞ്ചായത്തുകൾക്ക് നൽകുമോ? | (സി) പഞ്ചായത്തുകളിൽ ജോലിഭാരം ലഘൂകരിക്കുന്നതിനായി നിശ്ചിത വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഗ്രാമവാസികളിൽ യോഗ്യരായവരുടെ മാനവശേഷി പ്രയോജനപ്പെടുത്തുന്നതിന് ദിവസവേതന അടിസ്ഥാനത്തിൽ ആളുകളെ നിയോഗിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ